പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1621

22/03/2013-ൽ മറുപടിക്ക്

## ആശ്രയ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| (എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ; | (എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന ജീവിത സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ പദ്ധതി. ഈ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യവികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായതെല്ലാം പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പഞ്ചായത്തുകളിൽ ഇത്തരം വിഭാഗക്കാർക്കുവേണ്ടി പ്രത്യേക ആശ്രയ പദ്ധതികൾ നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ പൊതുജനങ്ങളുടെ സഹകരണ ത്തോടെയുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (സി) | സംസ്ഥാനത്തെ എത്ര ഗ്രാമങ്ങ ളിലാണ് ഈ പദ്ധതി നടപ്പാക്കു ന്നത്, വിശദാംശങ്ങൾ എന്തെല്ലാം; | (സി) | സംസ്ഥാനത്തെ 958 ഗ്രാമപഞ്ചായത്തു കളിൽ പ്രസ്തുത പദ്ധതി വിജകരമായി നടപ്പാക്കി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്തുന്ന അർഹരായ ഗുണഭോക്താക്കൾക്കാണ് ആശ്രയ പദ്ധതി പ്രകാരം സഹായം അനുവദിക്കുന്നത്. |
| (ഡി) | നടപ്പാക്കാത്ത പഞ്ചായത്തുക ളിൽ കൂടി ഈ പദ്ധതി നടപ്പാ ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാ ക്കുമോ? | (ഡി) | പദ്ധതി നടപ്പിലാക്കാത്ത ഗ്രാമപഞ്ചായ ത്തുകളിൽ എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുന്നതിന് ബഹു. മുഖ്യമന്ത്രി നേരിട്ട് പഞ്ചായത്തുകൾക്ക് കത്ത് അയച്ചിട്ടുണ്ട്. ഇതിനായി ജില്ലാതല റിവ്യൂ മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പെടെയുള്ള വിവിധ നടപടികൾ നടപ്പാക്കുന്നുണ്ട്. പദ്ധതി ഉടൻ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളിൽ പ്രോജക്ട് രൂപീകരണത്തിനായി രണ്ട് റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |

22/3/13

സെക്ഷൻ ഓഫീസർ